# കൂദോശ് ഈത്തൊ ഞായർ

# സന്ധ്യ

## സ്ലൂസോ (പ്രാരംഭ പ്രാർത്ഥന)

**പട്ടക്കാരൻ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.**

**പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നും എന്നേക്കും ചൊരിയപ്പെടുമാറാകേണമെ.**

**മനുഷ്യരോടു സ്നേഹമുള്ള ദൈവമായ കർത്താവെ നിന്റെ പരിശുദ്ധ സഭയുടെ ശുദ്ധീകരണപ്പെരുന്നാളിനെ അലംകൃതമണവാട്ടിയുടെ സ്തുത്യതോഴന്മാർക്കു യുക്തമായ പ്രകാരം വെടിപ്പായി വിശുദ്ധിയിൽ കൊണ്ടാടുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. നിന്റെ പ്രമാണങ്ങളിലെ അത്ഭുതസംഗതികളെ കാണ്മാൻ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമെ. ഞങ്ങൾ ഇപ്പോഴും എല്ലായ്പ്പോഴും നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശേ...........**

## പ്രുമിയോൻ

**പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.**

**പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്ത് ഞങ്ങളെ സഹായിക്കേണമേ.**

**പട്ടക്കാരൻ:- സ്തുതിയും സ്തോത്രവും..........**

**മലിനമായ വിജാതീയപുത്രിയെ സ്നേഹംമൂലം തനിക്കു വിവാഹം നിശ്ചയിച്ചിട്ടു; തന്റെ സോപ്പായാൽ അവളെ കഴുകി വെടിപ്പാക്കി തന്റെ നിർമ്മലമണവാട്ടിയാക്കിത്തീർക്കുകയും നിബിയന്മാരേയും ശ്ലീഹന്മാരേയും സഹദേന്മാരേയും അതിന്റെ കല്യാണത്തിനു ക്ഷണിച്ചുവരുത്തി, അതിനു വേണ്ടി മഹത്തരമായ ഒരു വിരുന്നു കഴിക്കുകയും ചെയ്ത സ്വർഗ്ഗീയ മണവാളന് സ്തുതി-തനിക്കു-ഈ സന്ധ്യാ നേരത്തും എല്ലാ പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു:- ബ്കൂല്ഹൂൻ യൌമോസോ ദ്ഹായ്ഗ്ൻ ല്ഒൽമീൻ ആമ്മീൻ**

## സെദറാ

**ഞങ്ങളുടെ ദൈവമാകുന്ന മിശിഹാ തമ്പുരാൻ അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും നായകനുമാകുന്നു. സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും തന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശം തന്റെ സൃഷ്ടി കർതൃത്വത്തെ തെളിയിക്കുന്നു. മേലും**

താഴെയും അകത്തും പുറത്തും തന്റെ ആധിപത്യമാകുന്നു. സകലവും തന്നിലും താൻ സകലത്തിലും സ്ഥിതി ചെയ്യുന്നു. എവിടെയും താൻ പരിമിതനുമല്ല. കത്തിജ്വലിക്കുന്ന പ്രകൃതികളായ അശരീരാത്മാക്കളും, എരിതീസത്വങ്ങളുമായ ശുശ്രൂഷക്കാരെ സ്വർഗ്ഗീയ ഊർശ്ലേമിൽ തനിക്കായിട്ടു നിയോഗിച്ചിരിക്കുമ്പോൾ, ഭൗമീകസഭയിൽ ശരീരികളുടെ കൈകളാൽ ശുശ്രൂഷിക്കപ്പെടുന്നതിന് തനിക്കു തിരുവിഷ്ടമുണ്ടായി. താൻ സ്വർഗ്ഗത്തിലും സഭാമന്ദിരത്തിലും, സിംഹാസനത്തിലും സഭാഗൃഹത്തിലും ഖെറുബുകളുടെ രഥത്തിലും മദ്ബ്ഹായിലും വസിക്കുന്നു. സഭയെ തന്റെ വാസത്തിനു ആലയവും മന്ദിരവുമാക്കിയിരിക്കുന്നു. അതിന്റെ ഭംഗി മോഹിക്കത്തക്കതാകുന്നു. അതിനെ സ്വർഗ്ഗസേനകൾ വളഞ്ഞിരിക്കുന്നു എന്നു ദാവീദ് സൂചിപ്പിച്ചിട്ടുണ്ട്. ഏശായ ഉപമകളാൽ അതിനെ ദൃഷ്ടാന്തപ്പെടുത്തി. മോശ, കൂടാരം മൂലം അതിനെ കാണിച്ചു. ബൂസ്സി മകൻ ഹസ്കിയേൽ, തന്റെ ദർശനത്താലും ആദ്യപുത്രൻ സ്ഖറിയാ, മഹത്തര സംഗതികൾകൊണ്ടും അതിനെ അറിയിച്ചു. അത് അതിന്റെ മണവാളന്റെ വധത്താൽ വിവാഹം ചെയ്യപ്പെട്ടവളായി: തന്റെ മുൾക്കിരീടത്താൽ അലങ്കരിക്കപ്പെട്ടു; തന്റെ മുറിവുകളാൽ അതു രക്ഷപ്പെട്ടിരിക്കുന്നു. അതു മോടിയായ വസ്ത്രങ്ങളാലും തങ്കാഭരണങ്ങളാലും പ്രാഭവപ്പെട്ടു, ദിവ്യമഹത്വത്തിൽ നിന്നു. അവൾ കമനീയ കോട്ടയും സുവിശേഷകപ്പലും സുസ്ഥിരനഗരവും സ്ഥാപിതപട്ടണവും, പ്രബലഗോപുരവും വിശുദ്ധപർവ്വതവും ശ്രേഷ്ഠ സംഗതികളിൽ അഭിവൃദ്ധിയുള്ളവളും ആകുന്നു. ഈ മണവാട്ടി, അവളുടെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വെടിഞ്ഞ് നിർമ്മലാത്മാക്കളായ യുവതികൾ ആരെ തേടി പുറപ്പെട്ടിരിക്കുന്നുവോ ആ നാഥനോടു ചേർന്നിരിക്കുന്നു. ആകയാൽ കർത്താവേ! കുദോശ് ഈത്തോയുടെ സഭാശുദ്ധീകരണത്തിന്റെ–ഈ ദിവസം നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഇതിനെ കരുണയോടെ ദർശിച്ച് സകല ഉപദ്രവങ്ങളിൽ നിന്നും പ്രതികൂലങ്ങളിൽ നിന്നും പൂർണ്ണമായി രക്ഷിക്കണമെ. സ്ഫടികപ്പാറമേൽ അതിനെ ഉറപ്പിക്കണമെ. നിന്റെ സ്ലീബായാൽ അതിന്റെ പ്രജകളെ മുദ്രകുത്തേണമെ. നാശകരമായ വിശ്വാസവിപരീതങ്ങളിൽ നിന്നും കാത്തുകൊള്ളേണമെ. എല്ലായ്പോഴും ഇഹത്തിൽ നിന്റെ ശാന്തിയാൽ സഭയ്ക്കു സമാധാനം കൊടുക്കേണമെ. അതിൽനിന്നും ചിതറിപ്പോയവരെ കൂട്ടിച്ചേർക്കേണമെ. അതിലെ ബലഹീനരെ ശക്തരാക്കേണമെ. നിന്റെ ദിവ്യഔഷധങ്ങളാൽ രോഗികളെ സന്ദർശിക്കേണമെ. നിന്റെ സ്നേഹത്തിൽ അന്തർലീനമായിരിക്കുന്ന സന്തോഷത്താൽ സഭാമക്കളെ മോക്ഷാവകാശികളാക്കേണമെ. അതിലെ ഇടയന്മാരെ വിജ്ഞാനികളാക്കേണമെ. ആചാര്യന്മാരെ ആത്മവിവേകമുള്ളവരാക്കേണമെ. അതിലെ ശെമ്മാശ്ശന്മാരെ സത്വവും പരിപാകതയുള്ളവരാക്കേണമെ. പരി ശുദ്ധ മാമ്മോദീസായുള്ള സത്വവിശ്വാസികളെയെല്ലാം സംരക്ഷിച്ചു രക്ഷകരമായ സ്ലീബായാൽ കാത്തുകൊള്ളേണമെ. സഭയുടെ മണവാളനായ കർത്താവെ! നിന്റെ സകല കൃപക ൾക്കും വേണ്ടി നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും എന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കും.

## എത്രൊ (ധൂപപ്രാർത്ഥന)

ഞങ്ങളുടെ രക്ഷയ്ക്കു മനസ്സുവച്ചു, ഞങ്ങളുടെ ആത്മാക്കൾ സജീവമായിരിപ്പാൻ ആഗ്രഹിച്ചിരിക്കുന്ന കർത്താവേ! ഈ സന്ധ്യാപ്രാർത്ഥനയിൽ നിന്റെ ആരാധകരായ ഞങ്ങൾ നിനക്കു സമർപ്പിച്ച ധൂപം നീ സ്വീകരിക്കേണമെ. ഇതിനാൽ നിന്റെ ഇടവകയ്ക്ക് പാപപരിഹാരം വരുത്തേണമെ. നിന്നെ സദാ വന്ദിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന നിന്റെ സഭാമക്കളെ ശുദ്ധീകരിക്കേണമെ. നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും ആരാധനയും യോഗ്യമായിരിക്കുന്നു. ഹോശോ.........

## ഹൂത്തോമോ (സമാപനപ്രാർത്ഥന)

കർത്താവേ! നിന്റെ സഭയിൽ നിന്നും ക്രിസ്തേതരമായ ഭിന്നതകളേയും വിപ്ലവങ്ങളേയും ശണ്ഠകളേയും നീക്കം ചെയ്യേണമെ. നിത്യസമാധാനംകൊണ്ട് അതിനെ അലങ്കരിക്കയും പരിപൂർണ്ണജ്ഞാനം കൊണ്ട് അതിനെ ഐശ്വര്യ പ്പെടുത്തുകയും ചെയ്യേണമെ. അതു നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും എന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.

# രാത്രി ഒന്നാം കൗമ്മാ

## പ്രമിയോൻ

പട്ടക്കാരൻ:– നാമെല്ലാവരും..

പ്രതിവാക്യം:– അനുഗ്രഹിക്കുന്നവനായ...

പട്ടക്കാരൻ:– സ്തുതിയും സ്തോത്രവും..

താഴെ പരിശുദ്ധ സഭയെ വിവാഹം ചെയ്യുകയും ആത്മാക്കളുടെ സംരക്ഷണത്തിന് അതിൽ പരിശുദ്ധ കുരിശിനെ സ്ഥാപിക്കുകയും മഹത്തായ പുനരുത്ഥാനത്താൽ തന്നോടൊന്നിച്ചു അതിനെ എഴുന്നേല്പിക്കുകയും സ്വർഗ്ഗാരോഹണത്തിൽ അതിനെ തന്നോടുകൂടി ഉയർത്തി അർക്കാവോ സെന്മാർക്കും ശൂൽത്തോനെന്മാർക്കും അപ്പുറം അതിനെ ഇരുത്തുകയും ചെയ്ത അത്യുന്നത മണവാളനു സ്തുതി. തനിക്കു..

## സെദറാ

പരിശുദ്ധ സഭയാകുന്ന ഊർശ്ലേമ്മിനെ പണിയുകയും ചിതറിപ്പോയ ഇസ്രായേലിനെയും രക്ഷാകരസുവിശേഷത്തിൽ വിശ്വസിച്ച പുറജാതികളെയും അതിൽ കൂട്ടിച്ചേർക്കുകയും ചെയ്ത നമ്മുടെ ദൈവമാകുന്ന മ്ശിഹാതമ്പുരാൻ, തന്റെ പരിശുദ്ധ സഭയോടു വാഗ്ദത്തം ചെയ്ത് ഇങ്ങനെ അരുളിച്ചെയ്തു. പാതാളവാതിലുകൾ – ഭൗമികതലവന്മാരും അധികാരികളും– അതിനോടു ബലം ചെയ്യുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം അതിന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്നു. അതു ഭയപ്പെടുകയില്ല. ലോകാവസാനത്തോളം ഞാൻ നിന്നോടുകൂടെയുണ്ട് എന്ന തന്റെ വാഗ്ദത്തപ്രകാരം എന്നാളും താൻ അതിനെ സ്ഥാപിക്കും. അതിന്റെ ശുദ്ധീകരണത്തെപ്പറ്റി വിശുദ്ധ നിബിയന്മാർ പ്രവചിച്ചു. അതിന്റെ രക്ഷയെപ്രതി ശ്ലീഹന്മാർ പ്രസംഗിച്ചു. അതിന്റെ സത്യവിശ്വാസം നിമിത്തം സഹദേന്മാർ കിരീടം പ്രാപിച്ചു. ഈ ശുദ്ധീകരണപ്പെരുന്നാളിനെ ഞങ്ങൾ ആഘോഷിച്ചുകൊണ്ടു ആത്മീയവാക്യങ്ങളാൽ അട്ടഹസിച്ചു പറയുന്നു. തിരുസഭയെ! എഴുന്നേറ്റു ശോഭിക്കുക. നിന്നെ സ്ഥാപിച്ച ജ്ഞാനിയായ ശില്പിയാൽ നിന്റെ കതകുകളുടെ സാക്ഷാ ബലവത്തായിരിക്കുന്നു. സഭയെ! ഉണർന്നുശോഭിക്ക. സകല സൃഷ്ടികളുടേയും രക്ഷകൻ, നിന്റെ മക്കളെ വാഴ്ത്തിയിരിക്കുന്നു. ദിവ്യനായ ദാവീദ് ദൈവത്തിന്റെ നഗരമെന്നു നിന്നെ വിളിച്ചിരിക്കകൊണ്ടു നീ എഴുന്നേറ്റു ശോഭിക്കുക. ഓഫീറിലെ തങ്കാലങ്കാരംകൊണ്ടു നിന്നെ പ്രാഭവപ്പെടുത്തിയതിനാൽ നീ എഴുന്നേറ്റു ശോഭിക്കുക. ജീവദായകൻ നിനക്ക് നിത്യജീവൻ നിശ്ചയിച്ചിരിക്കയാൽ നീ എഴുന്നേറ്റു ശോഭിക്കുക സ്ഖറിയാ പ്രവാചകൻ വിശുദ്ധിയിൻ പീഠമെന്ന് നിനക്കു നാമകരണം ചെയ്തിരി ക്കയാൽ എഴുന്നേറ്റു ശോഭിക്കുക. ഹസ്ക്കിയേൽ നിന്റെ ദൃഷ്ടാന്തം സ്ഫടികസിംഹാസനത്തിൽ കണ്ടിട്ടുള്ളതു കൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ദൈവത്തിനു ഇരിപ്പിടമായി തെരഞ്ഞെടുക്കപ്പെട്ട പർവ്വതമെന്ന് വിളിക്കപ്പെട്ടതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. ഗൗരവസംഗതികൾ നിന്നിൽ സംസാരിക്കപ്പെട്ടതുകൊണ്ട് ദൈവത്തിന്റെ പട്ടണമെ! എഴുന്നേറ്റു ശോഭിക്കുക. നിന്റെ അഴക് സകല സൗന്ദര്യത്തിലും പ്രബലമായിരിക്കകൊണ്ട്, എഴുന്നേറ്റു ശോഭിക്കുക. നിത്യജീവന്റെ അവകാശം എല്ലാ പ്രകാരേണയും നിനക്കു വാഗ്ദത്തം ചെയ്യപ്പെട്ടതിനാൽ എഴുന്നേറ്റു ശോഭിക്കുക. നിന്റെ പ്രകാശം വന്നടുത്തു എന്നു മഹത്വമുള്ളവനായ ഏശായ പറഞ്ഞിരിക്കകൊണ്ട്, എഴുന്നേറ്റ് ശോഭിക്കുക. രാജാവു നിന്റെ ഭംഗിയെ മോഹിക്കും എന്നു കർത്താവിന്റെ പ്രവാചകൻ വചനിച്ചിരിക്കകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. എല്ലാ ഭൂഭാഗങ്ങളുടെയും പ്രത്യാശയായവൻ, സമാധാനത്താൽ നിന്റെ അതിരു നിർണ്ണയിച്ചിരിക്കകൊണ്ടു നീ എഴുന്നേറ്റ് ശോഭിക്കുക. ലോകനിയന്താവിന്റെ തൃക്കൈകളാൽ നീ രൂപീകരിക്കപ്പെട്ടതുകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. ആത്മാക്കളുടെ ഇടയ്റെ പ്രബലഭുജം നിന്നെ രക്ഷിച്ചതുകൊണ്ട്, നീ എഴുന്നേറ്റ് ശോഭിക്കുക. കർത്താവിന്നു പ്രീതികരമായി താൻ അതിൽ വസിച്ച സീയോൻ നീയാകകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. വിശുദ്ധന്മാരിൽ അതിവിശുദ്ധൻ തന്റെ വിശുദ്ധാത്മാവാൽ നിന്നെ വിശുദ്ധീകരിച്ചതുകൊണ്ടു നീ എഴുന്നേറ്റു ശോഭിക്കുക. വലിയവനും പ്രബലനുമായ കർത്താവു നിന്നെ പൂർണ്ണവിജയത്തിലുയർത്തിയതുകൊണ്ട് നീ എഴുന്നേറ്റു ശോഭിക്കുക. നീതിയുടെ മഹാസൂര്യൻ നിന്നിൽ വസിച്ചിരിക്കകൊണ്ട് എഴുന്നേറ്റു ശോഭിക്കുക. പിതാവിന്റെ മഹത്വത്തിനായി ഉയരത്തിലും ആഴത്തിലും മണവറയായി നിന്നെ സ്ഥാപിച്ചിരിക്കകൊണ്ടു നീ എഴുന്നേറ്റു ശോഭിക്കുക. ആകയാൽ കർത്താവേ! ഈ സുഗന്ധധൂപസമർപ്പണത്തോടൊന്നിച്ചു നിന്നോടു ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. നിന്റെ കൃപയാൽ മുമ്പെതന്നെ

നീ സമ്പാദിച്ചിട്ടുള്ള, പരിശുദ്ധ സഭയെ ഓർക്കേണമേ. നിന്റെ കരുണയാൽ നിന്റെ അവകാശഗോത്രത്തെ രക്ഷിക്കേണമെ. സഭാമക്കളെല്ലാവരേയും പ്രാതികൂല്യങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കേണമേ. സഭയിൽ നിന്നും യാത്രയായി പിരിഞ്ഞിരിക്കുന്ന വിശ്വാസികളായ എല്ലാ മരിച്ചു പോയവരെയും വിശ്രമിപ്പിച്ചു, നിന്റെ ഹിതാനുവർത്തികൾക്കുള്ള മണവറയിലെ ഭാഗ്യ മന്ദിരങ്ങളിൽ ആനന്ദിപ്പിക്കേണമേ. ഞങ്ങളെല്ലാ വരേയും നിന്റെ വലത്തുഭാഗത്തു കർത്തൃമഹത്വത്തിനും, സ്തുത്യവെളിപാടിനും നിന്റെ വലത്തുഭാഗത്തെ നിലയ്ക്കും കൂട്ടി ച്ചേർക്കേണമെ. ഞങ്ങളെല്ലാവരും നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും എന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കും.....ഹോശോ.........

## എത്രൊ

ഭൂമദ്ധ്യത്തിൽ, ഗോഗുൽത്തായുടെ അഗ്രത്തിൽ സ്ലീബായുടെ പക്ഷത്തിൽ സ്ക്കീപ്പാ ധൂപമായി അർപ്പിക്കപ്പെട്ട് തന്റെ സൗന്ദര്യവാസനയാൽ അഖിലാണ്ഡത്തെയും ആനന്ദിപ്പിച്ച് പരിശുദ്ധ സഭയെ രക്ഷിച്ച, പാപപരിഹാരധൂപമായിരിക്കുന്ന കർത്താവേ! ഉൽകൃഷ്ടമായ നിന്റെ സ്നേഹത്തിന്റെ പരിമള വാസന, പരിശുദ്ധസഭയിൽ സദാ ധൂപിക്കേണമെ. നിന്റെ പ്രസന്നമുഖത്തുനിന്നും അതിനു സമൃദ്ധമായ ശാന്തിയും സമാധാനവും അയച്ചുകൊടുക്കേണമെ. അതിന്റെ പ്രജകൾ നിന്റെ ദിവ്യനൽവരങ്ങളുടെ പരിമളവാസനയാൽ ആനന്ദി ച്ചുകൊണ്ട് കരുണബഹുലനായ നിന്നെ എന്നും യോജിപ്പായി സ്തു തിക്കുമാറാകേണമെ ഹോശോ..

# രാത്രി രണ്ടാം കൗമാ

## പ്രമിയോൻ

പട്ടക്കാരൻ:– നാമെല്ലാവരും

പ്രതിവാക്യം:– അനുഗ്രഹിക്കുന്നവനായ..

പട്ടക്കാരൻ:– സ്തുതിയും സ്തോത്രവും......

ജീവനുള്ളതും ജീവനുണ്ടാക്കുന്നതും അദൃശ്യവും സംക്ഷേപിക്കപ്പെടുവാൻ പാടില്ലാത്തതും സൃഷ്ടിയല്ലാത്തതും, അവർണ്ണനീയവും അനാദ്യന്തവും സാരാംശത്തിലും ശക്തിയിലും കാതൽത്വത്തിലും ശരിയായിരിക്കുന്നതും, പ്രകൃത്യാ ഏകാധികാരത്തിലും രാജത്വത്തിലും ഏകയിഷ്ടമായി സ്ഥിതിചെയ്യുന്നതും ജീവനുള്ളതും ജീവനുണ്ടാക്കുന്നതുമായ പ്രകൃതിയിൽ, ബഹുമാനം കർത്തൃത്വം ദൈവത്വം ഇവ വിളങ്ങുന്നതും പിതാവ് പുത്രൻ പരിശുദ്ധ റൂഹാ എന്നീ മൂന്നു വന്ദ്യകമ്മാകളിലും നാമങ്ങളിലും ഏക സാരംശമായി സ്ഥിതി ചെയ്യുന്നതുമായ സ്വയംഭൂവിനു സ്തുതി. തനിക്കു ഈ നേരത്തും എല്ലാ പെരുന്നാളുകളിലും.........

## സെദറാ

പിതാവായ ദൈവത്തിന്റെ പുത്രനും ജ്ഞാനവും സർവ്വസൃഷ്ടികളുടെയും നിർമ്മിതാവും, സർവ്വാധിപതിയും ആകുന്ന ഞങ്ങളുടെ മിശിഹാതമ്പുരാനെ! നീ ദൈവീകസിംഹാസനത്തിൽ പിതാവിനോടും വിശുദ്ധ റൂഹായോടും ഒന്നിച്ചു സ്ഥിതിചെയ്യുന്നു. മാലാഖമാരുടെ ഗണങ്ങൾ ഭക്തിയോടെ നിന്നെ വന്ദിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്നാൽ ഞങ്ങളുടെ രക്ഷയ്ക്കും ശുദ്ധീകരണത്തിനുമായി, തിരുവിഷ്ടപ്രകാരം താഴ്മയ്ക്കും മനുഷ്യാവതാരത്തിനും നീ ഇറങ്ങിവന്നു. നിന്റെ ബഹുലമായ കൃപയാൽ കഷ്ടതയില്ലാത്ത സ്ഥിതിയിലേക്കു ഞങ്ങളെ ക്ഷണിപ്പാൻ ഞങ്ങൾക്കുവേണ്ടി ജഡത്തിൽ കുരിശുമൂലമുള്ള കഷ് ടതകൾ നീ സഹിച്ചു. കർത്താവെ! വിലയേറിയ നിന്റെ തിരുരക്തത്താൽ നീ സമ്പാദിച്ചിട്ടുള്ള നിന്റെ വിശുദ്ധ സഭയെ കൃപയോടെ സന്ദർശിക്കേണമെ. ശത്രുക്കളുടെ ഭിന്നതകളിൽനിന്നും, തർ ക്കങ്ങളിൽ നിന്നും ശണ്ഠയിൽ നിന്നും അതിനെ രക്ഷിക്കേണമെ. നിന്റെ സദുപദേശങ്ങളിലും നിന്റെ സജീവമായ കല്പനകളുടെ അനുഷ്ഠാനത്തിലും, അതിനെ സ്ഥിരപ്പെടുത്തി നിലനിർത്തേണമെ. സഭയ്ക്കു നിത്യസമാധാനവും സന്തോഷകരമായ പെരുന്നാളുകളും, സ്നേഹബന്ധനവും ആത്മീയ

ഐക്യതയും വെടിപ്പും വിശുദ്ധിയും നല്ല നിലയും ആത്മീയ ക്രമീകരണവും നല്കേണമെ. നിന്റെ തിരുവിഷ്ടപ കാരം സഭാഭരണം ചെയ്യുന്ന, സത്യഇടയന്മാരും മേൽ പട്ടക്കാരും പരിശോധിക്കപ്പെട്ട ശുശ്രൂഷകന്മാരുമായ ഞങ്ങളുടെ പുണ്യപിതാക്കന്മാരെ, ചിരകാലം ആരോഗ്യവാന്മാരും ബഹുമാന്യന്മാരുമായി പാലിക്കേണമെ. അവർ സത്യോപദേശത്തെ നേരായി വിഭജിച്ചുകൊടുക്കുകയും ദുരുപദേശങ്ങളെ ഉന്മൂലനം ചെയ്യുകയും, നിന്റെ വിശുദ്ധകൂദാശകളെ പരിശുദ്ധമായി അനുഷ്ഠിക്കുകയും, നിന്റെ സഭയെ നിർ മ്മലമായി ശുശ്രൂഷിക്കുകയും ചെയ്യുന്നതു കൊണ്ട് നിന്റെ ദൈവീകദാനങ്ങളാൽ അവരെ അലങ്കരിക്കേണമെ. ക്ലേശപ്രീതിയും സഹിഷ്ണുതയും മൂലം നല്ല പോരാട്ടം ചെയ്തത്, കുറ്റമില്ലാത്തതും സുകൃതകരവും വിശുദ്ധന്മാർക്കു യുക്തവുമായ നടപടികളിൽ നിഷ്ഠവച്ചിരിക്കുന്നവരെ! അജയ്യമായ നിന്റെ ആയുധവും, സഹിഷ്ണുതയും ധൈര്യവും ധരിപ്പിക്കേണമെ. ദൈവമെ! കറയില്ലാത്ത വിശ്വാസം പാലിച്ചു, നല്ല ഓട്ടം തികച്ചു, ഇഹത്തിൽ നിന്നു നിന്റെ സന്നിധിയിലേക്ക് പണ്ട് പുറപ്പെട്ടു പോന്നിരിക്കുന്ന, പ്രധാന പിതാക്കന്മാരും പ്രവാചകന്മാരും ശ്ലീഹന്മാരും സുവിശേഷകന്മാരും ഉപദേഷ്ടാക്കന്മാരും സഹദേന്മാരും സത്യവിശ്വാസത്തിനു വേണ്ടി പോരാട്ടം ചെയ് തവരുമായ ഏവരേയും ആദിമുതലെ നിന്റെ ഭക്തന്മാരായി ജീവിച്ച എല്ലാ പരിശുദ്ധന്മാരേയും, നിന്റെ പിതൃസന്നിധി യിലെ ഭാഗ്യസമ്പൂർണ്ണമായ ഭവനങ്ങളിൽ ആശ്വസിപ്പിക്കേണമെ. അവരെ നിത്യനന്മകളിൽ സന്തോഷിപ്പിക്കേണമെ. അവരുടെ പ്രാർത്ഥനകൾമൂലം ലോകമെങ്ങും ശാന്തിയും സമാധാനവും സൽഗുണാനുഭവവും കൊടുക്കേണമെ. നിന്റെ സൃഷ്ടിയിൽനിന്നും ദോഷകരമായ സകലശിക്ഷകളെയും കോപസൂചകമായ പീഡനങ്ങളെയും നിരോധിച്ചു അകറ്റേണമെ. രാജാക്കന്മാരേയും അധികാരികളെയും രമ്യതപ്പെടുത്തി നിന്നെക്കുറിച്ചുള്ള ഭക്തിയാൽ അവരെ നയിക്കേണമെ. മനു ഷ്യരോടുള്ള നിന്റെ പ്രീതിമൂലം യുദ്ധങ്ങളെയും വഴക്കു കളെയും ഇല്ലാതാക്കേണമെ. നിന്റെ ദയയാൽ വാർഷീകവിളവുകളെ വർദ്ധിപ്പിക്കുകയും ധനവാന്മാരെ, ദാനം ചെയ്യുന്നതിൽ തല്പരരാക്കുകയും അവരുടെ സമ്പത്തുകളെ നീതിയിൽ വർദ്ധിപ്പിക്കുകയും ദരിദ്രന്മാരെ പോറ്റുകയും പട്ടിണിക്കാരെ സന്തുഷ്ടരാക്കുകയും രോഗികളെയും ദീനരേയും സുഖപ്പെടുത്തുകയും ആപത്തിലും പലതരപരീക്ഷകളിലും വിഷമിക്കുന്നവരെ രക്ഷിക്കുകയും ചെയ്യണമേ. വിലപിച്ചിരിക്കുന്നവരെ ആശ്വസിപ്പിക്കേണമെ ചഞ്ചലഹൃദയന്മാരെ ധൈര്യപ്പെടുത്തേണമെ. തെറ്റിപ്പോയവരെ നിന്റെ അറിവിലേക്കു തിരിപ്പിക്കേണമെ. ചിതറിപ്പോയവരെ നിന്റെ സന്നിധിയിൽ കൂട്ടി ചേർക്കേണമെ. എല്ലാവരെയും രക്ഷാമാർഗ്ഗത്തിലേക്കു വരുത്തേണമെ. നിന്നെ പ്രതി നന്മ ചെയ്യുന്നവർക്കു സമൃദ്ധിയായ നിന്റെ നന്മകൾ കൊടുക്കേണമെ. സത്യവിശ്വാസത്തോടെ നിന്റെ ദാസന്മാരുടെ പ്രാർത്ഥനകളെ ചോദിച്ചിട്ടുള്ളവരും ചോദിച്ചുകൊണ്ടിരിക്കുന്നവരുമായവർക്കു സഹായവും യുക്തവുമായവയെ കൊടുക്കേണമെ. കർത്താവെ! ഞങ്ങളെല്ലാവരേയും ഇഹത്തിലെ പരീക്ഷകളിൽ നിന്നും വൈഷമ്യങ്ങളിൽ നിന്നും, ഭാവിയിലെ ദണ്ഡനങ്ങളിൽ നിന്നും വിടുവിച്ചു രക്ഷിക്കേണമെ. നിന്റെ സ്വർഗ്ഗരാജ്യത്തിൽ സകല വിശുദ്ധന്മാരോടുമൊന്നിച്ച് നന്ദി സൂചകമായ ജയത്തിന്റെ കീർത്തനങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും പാടുവാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ഹോശോ.......

## എത്രൊ

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ ജീവനുള്ള കുഞ്ഞാടെ! നിനക്കു സ്തുതി. തന്റെ സൃഷ്ടിയെ പുതുതാക്കുവാൻ സ്നേഹംമൂലം എഴുന്നള്ളിയ ഏക പുത്രാ! നിനക്കു സ്തോത്രം. ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ ബലിയാൽ പൈശാചികമായ അശുദ്ധബലികളെ നിരോധിച്ചിട്ടു, തന്റെ മഹത്വത്തിന്റെ പരിമളവാസനകൊണ്ടു ഭൂലോകത്തെ നിറച്ച മഹാ പുരോഹിതനായുള്ളോവേ! നിനക്കു കൃതജ്ഞത. ഞങ്ങളുടെ കർത്താവും ദൈവവുമാകുന്ന യേശുമ്ശിഹാ! ഞങ്ങൾ തിരുസന്നിധിയിൽ സമർപ്പിച്ച ഈ ധൂപം സ്വീകരിക്കേണമെ. എല്ലായിടത്തുമുള്ള നിന്റെ വി:സഭയ്ക്കു ആശ്വാസവും, ശാന്തിയും സമാധാനവും കൈവരുത്തേണമെ. രാജാക്കന്മാരും അധികാരികളും മൂലം അതിലുണ്ടാകാവുന്ന കലഹങ്ങളെ ഉന്മൂലനം ചെയ്യേണമെ. അതിൽ നിന്നു ഭിന്നതകളേയും തർക്കങ്ങളേയും നാശകരമായ യുദ്ധങ്ങളേയും നീക്കിക്കളയേണമെ. നിന്റെ പ്രത്യാശയിൽ നിദ്രപ്രാപിച്ചിട്ടുള്ള ഞങ്ങളുടെ മരിച്ചുപോയവരെ കരുണ നിറഞ്ഞ നിന്റെ കല്പന കേൾപ്പാൻ യോഗ്യന്മാരാക്കേണമെ. ഞങ്ങൾക്കും സമാധാനപരമായ അന്ത്യവും നിന്റെ പ്രീതിക്കൊത്ത നല്ല അവസാനവും നൽകേണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും ഇപ്പോഴുമെപ്പോഴും സ്തോത്രം ചെയ്തു വണങ്ങി മഹത്വപ്പെടുത്തും. ഹോശെ........

# പ്രഭാതം

## സ്ലൂസോ (പ്രാരംഭ പ്രാർത്ഥന)

പട്ടക്കാരൻ:– പിതാവിനും പുത്രനും വി: റൂഹായ്ക്കും സ്തുതി.
പ്രതിവാക്യം :– ബലഹീനന്മാരും പാപികളും.

**കർത്താവെ! വിലയേറിയ നിന്റെ വിശുദ്ധ രക്തത്താൽ വിലയ്ക്കു വാങ്ങിയ പരിശുദ്ധ സഭയെ നിന്റെ അളവറ്റ കരുണ യാൽ വാഴ്ത്തണമെ അതിലെ ഇടയന്മാർക്ക്, ജ്ഞാനിയായ ഇടയനും, അതിലെ ഭരണകർത്താക്കൾക്ക് ഉത്തമ നായകനും നീ തന്നെ ആയിരിക്കേണമെ. കഷ്ടതരമായ എല്ലാ അപകട ങ്ങളിൽ നിന്നും കോപഫലമായ എല്ലാ ശിക്ഷകളിൽ നിന്നും താഡനങ്ങളിൽ നിന്നും അതിനെ കാത്തുരക്ഷിക്കേണമെ; മഹത്തരവും രക്ഷാകരവുമായ ഭൂഷണങ്ങളാൽ അതിനെ അലങ്കരിക്കേണമെ. അതുആത്മീയ ഭാഷയിൽ നിർമ്മല കീർ ത്തനങ്ങളാൽ നിന്നെ സ്തുതിക്കുകയും എന്നാളും നിന്നെ വന്ദിച്ചു മഹത്വപ്പെടുത്തുകയും ചെയ്യുമാറാകേണമെ. ഹോശോ......**

## **പ്രമിയോൻ**

**പട്ടക്കാരൻ:– നാമെല്ലാവരും.....**

**പ്രതിവാക്യം:–അനുഗ്രഹിക്കുന്നവനായ കർത്താവേ.......**

**പട്ടക്കാരൻ :– സ്തുതിയും സ്തോത്രവും..**

**മേലുയരങ്ങളിൽനിന്നും താഴെയിറങ്ങിവന്നു പുറജാതികളുടെ പുത്രിയായ സഭയെ തനിക്കു മണവാട്ടിയായി വിവാഹം പറഞ്ഞു ബോധിക്കയും അതിന്റെ കല്യാണത്തിനു സ്വർഗ്ഗീയസൈന്യങ്ങളെ ക്ഷണിക്കുകയും, ദീർഘദർശിമാർ ശ്ലീഹന്മാർ സഹദേന്മാർ ഇവരുടെ കൂട്ടത്തെ അതിന്റെ മണവറയിലേക്കു കൂട്ടിച്ചേർക്കുകയും അതിനുവേണ്ടി മനസ്സോടുള്ള ത്യാഗത്തിനും കഷ്ടതയ്ക്കും ദയവായി എഴുന്നള്ളുകയും തന്റെ രക്തത്തളിപ്പാൽ അതിനെ ശുദ്ധീകരിച്ചു വെടിപ്പാക്കുകയും, തന്റെ കൃപയാൽ, മതിയായ മൂറോൻ തൈലമെന്ന പേരിനെ സ്വീകരിക്കുകയും തന്റെ പ്രീതിമൂലം സഭയെ അതിനാൽ സുഗന്ധീകരിക്കുകയും, തന്റെ വിലയേറിയ സ്ലീബായാൽ അതിന്റെ പണികളെ ശരിപ്പെടുത്തി, ഏവൻഗേലിയോനായ ഉറച്ച പാറമേൽ അതിന്റെ അടിസ്ഥാനങ്ങളെ നന്നായി ഉറപ്പിക്കുകയും ചെയ്ത മണവാളനു സ്തുതി. സഭയും അതിന്റെ പ്രജകളും തനിക്കു ഇപ്പോൾ സ്തുതി പാടുന്നു. തനിക്കു ഈ നേരത്തും എല്ലാ പെരുന്നാളു കളിലും............... ബ്കൂല്ഹുൻ യൗമോ..........**

## **സെദറാ**

**യേശുമ്ശിഹാ തമ്പുരാനെ! നിനക്കു സ്തുതി. നിനക്കു സ്തോത്രം. സഭയുടെ കാൽ അതിന്മേൽ തറയ്ക്കപ്പെട്ടിരി ക്കുന്ന സാക്ഷാൽ പാറ നീയാകുന്നു. എന്തെന്നാൽ ഇതു സഭയുടെ അടിസ്ഥാനമാകുവാൻ പരിശുദ്ധ പർവ്വതത്തിൽ നിന്നു വിട്ടുപിരിയാതെ തന്നെ വെട്ടിയെടുക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു സഭ ഉറപ്പില്ലാത്ത മണലിൽ അല്ലാ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പിന്നെയോ, സ്ഫടികശിലമേലത്രെ. കൃതഘ്നരായ ഇസ്രായേൽ ജനതയ്ക്കു പാനം ചെയ്വാൻ പന്ത്രണ്ടു നീരുറവയെ പ്രകൃതാതീതമായി ഒഴുക്കിയ മോശ യുടെ പാറ, ഈ പാറയെ സൂചിപ്പിച്ചിരുന്നു. ഈ സഭയെ സത്യോപദേശമായ ആത്മീയ നീർച്ചാലുകളാകുന്ന പരിശുദ്ധാത്മകീർത്തനങ്ങളാൽ നനച്ചു സന്തോഷിപ്പിച്ചു. അതു ദൈവങ്ങളുടെ ദൈവത്തിന്റെയും കർത്താക്കന്മാരുടെ കർത്താവിന്റെയും യഥാർത്ഥപട്ടണമാകുന്നു. അകമെ അലങ്കരിച്ചു ആന്തര്യപ്രാഭവം പ്രാപിച്ചവൾ എന്നു ദാവീദു കീർ ത്തനം പാടീട്ടുള്ളതും അതിനെക്കുറിച്ചാകുന്നു. ഈ സഭ ധൂമവർണ്ണവും ചുവപ്പുനിറവുമുള്ള രോമം കൊണ്ടും തുകലു കൊണ്ടും ഉണ്ടാക്കപ്പെട്ടിരുന്ന, ന്യായപ്രമാണകാലത്തെ നിഴലായ സഭയിൻ കൂടാരംപോലെയല്ല എന്നാലൊ അവൾ രാജകീയമായ അങ്കിയാലും പരിശുദ്ധ മാമോദീസായാകുന്ന കുദാശയാലും അലങ്കരിക്കപ്പെട്ടവളാകുന്നു. അതു ഇളനീ ലനിറവും രക്തവർണ്ണവുമായ നൂലുകളാലല്ല, എന്നാലൊ ആത്മീയശ്യംഖലയാലും പരിശുദ്ധാത്മാവിന്റെ തേജസ്സാലുമത്രെ. അതു പിത്തളകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള താങ്ങുകളാലും തൂണുകളാലുമുള്ളതല്ല. എന്നാൽ അദൃശ്യസംഗതികളെ ദർശിക്കുന്ന പ്രവാചകന്മാർ സുവിശേഷ പ്രസംഗകന്മാരായ ശ്ലീഹന്മാർ ഇവരുടെ പിൻഗാമികളായ സഹദേന്മാർ ഇവർ മൂലമുള്ളതത്രെ. ഇതു കോലാട്ടുകൊറ്റന്മാരുടേയും കുഞ്ഞാടുകളുടേയും രക്തത്താൽ തളിക്കപ്പെടുന്ന നിഴലായ ബലീപീഠം കൊണ്ടല്ല. കറയും മാലിന്യവും ഇല്ലാത്ത കുഞ്ഞാടിന്റെ രക്തത്താൽ തളിക്കപ്പെടുന്ന ആത്മീയവും ദൈവീകവുമായ മേശകൊണ്ടുള്ളതാകുന്നു. ഇതു; സംഘാലയത്തിലെ ഏഴു നിലവിളക്കുകൊണ്ടല്ല; നീതിയുടെ മഹാ സൂര്യനാലും; വിശുദ്ധാത്മാവാൽ നയിക്കപ്പെട്ട ഉപദേശത്താൽ ശോഭിതമായി നക്ഷത്രങ്ങളാലും പ്രകാശിച്ചിരിക്കുന്നു. നിബിയന്മാർ ഇതിനെ സൂചിപ്പിച്ചിരുന്നു. അവരുടെ തലവനായ മോശ ഇതിനെ കൂടാരത്താൽ ദൃഷ്ടാന്തീകരിച്ചു. ശ്ലേമ്മോൻ പണികഴിപ്പിച്ച ആലയത്താൽ ഇതിനെ കാണിച്ചു. ദീർഘദർശിമാരിൽ മഹത്വമുള്ളവനായ എശായാ, നിന്റെ ബപകാശം അടുത്തതുകൊണ്ട് എഴുന്നേറ്റു ശോഭിക്ക, എന്നും കർത്താവിന്റെ ബഹുമാനം നിന്റെ മേൽ ഉദിക്കും എന്നും ഇതിനോടായി വിളിച്ചു പറഞ്ഞു. നിന്റെ ജനത്തേയും കുലത്തെയും വിസ്മരിക്കുക; നിന്റെ പിതൃഭവനത്തെ ഉപേക്ഷിക്കുകി എന്ന് ദാവീദ് ഇതിനെ കേൾപ്പിച്ചു. രാജാ**

ധിരാജൻ നിന്റെ ഭംഗിയെ മോഹിക്കുമെന്നും അവൻ ഇതിനെ ഗ്രഹിപ്പിച്ചു. വിലയേറിയ സംഗതികൾ ഇതിനെപ്പറ്റി സംസാരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ മുഖം ശോഭിച്ചിരിക്കുന്നു. ഇതിന്റെ നയനങ്ങൾ അഗ്നിസമാനമാകുന്നു. ഇതിന്റെ വസ്ത്രങ്ങൾ മോടിയുള്ളവയാകുന്നു. ഇതിന്റെ സ്തുതിഗായകന്മാർ വളരെയാകുന്നു. ഇതിന്റെ ശില്പികൾ വിജ്ഞാനികളാകുന്നു. ഇതിന്റെ പണിത്തരങ്ങൾ മഹത്തരങ്ങളാകുന്നു. ഇതിലെ രഹസ്യങ്ങൾ ഗുപ്തങ്ങളും ദൃഷ്ടാന്തങ്ങൾ അത്ഭുതകരങ്ങളുമാകുന്നു. ഇതിന്റെ അദൃശ്യസംഗതികൾ മഹിമയേറിയവയാകുന്നു. ലോകങ്ങളുടെ കർത്താവ് ഇതിന്റെ മണവാളനാകുന്നു. യോഹന്നാൻ ഇതിന്റെ തോഴനും, ദീർഘദർശിമാർ ഇതിലെ അതിഥികളും, ശ്ലീഹന്മാർ വിരുന്നുകാരും, സഹദേന്മാർ ഇതിൽ ക്ഷണിക്കപ്പെട്ടവരുമാകുന്നു. പിതാവി നാൽ ഇതു ശുദ്ധീകരിക്കപ്പെടുന്നു. പുത്രനാൽ ഇതു പ്രശംസി ക്കപ്പെടുന്നു. പരിശുദ്ധ റൂഹായാൽ കിരീടം ധരിപ്പിക്കപ്പെടുന്നു. ആകയാൽ കർത്താവേ! ഞങ്ങൾ അവരോടൊന്നിച്ചു ഉച്ചത്തിൽ പ്രാർത്ഥിച്ചു പറയുന്നു. നാഥാ! നിന്റെ വിശുദ്ധ സഭയെ ഓർക്കേണമെ. അതിന്റെ രക്ഷാകരമായ കൊമ്പിനെ ഉയർ ത്തേണമെ. നിന്റെ വാഗ്ദത്തങ്ങളെ ഇതിനോടു നിറവേറ്റേണമെ. അതിന്റെ നിരകളെ എങ്ങും വിസ്തീർണ്ണപ്പെടുത്തേണമെ. ഇതിൽ നിത്യശാന്തി വസിപ്പിക്കേണമെ. സുഭിക്ഷമായ സമാധാനം ഇതിൽ വാഴേണമെ. കർത്താവേ! നിന്റെ കൃപയാൽ ഇതിലെ ഭാഗ്യവാന്മാരായ ഇടയന്മാർക്കു ഉണർവ്വും, ഭരണകർത്താക്കൾക്കു ഉത്സാഹവും ആചാര്യന്മാർക്കു ശോഭയും, ശെമ്മാശ്ശന്മാർക്ക് വെടിപ്പും, പാപികൾക്കു സ്വീകാര്യയോഗ്യതയുള്ള മാനസാന്തരവും വിശ്വാസികളായി മരിച്ചുപോയവർക്കു പുണ്യതരമായ നല്ല ഓർമ്മയും നൽകേണമെ. നീയും നിന്റെ പിതാവും നിന്റെ വി:റൂഹായും സർവ്വരാലും എന്നും സ്തുതിക്കപ്പെടുമാറാകേണമെ. ഹോശോ.....

## എത്രൊ

ഞങ്ങൾക്കുവേണ്ടിയുള്ള തന്റെ ബലിയാൽ അശുദ്ധപിശാചുക്കൾക്കുള്ള ബലികളെ നീക്കം ചെയ്തത് തന്റെ മഹത്തരമായ പരിമളധൂപംകൊണ്ടു ലോകത്തെ നിറച്ച മഹാ പുരോഹിതനും ഞങ്ങളുടെ ദൈവവുമായ കർത്താവെ! തിരു സന്നിധിയിൽ ഞങ്ങൾ സമർപ്പിച്ച ഈ ധൂപത്തെ സ്വീകരിക്കേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. എവിടെയുമുള്ള നിന്റെ പരിശുദ്ധ സഭയ്ക്കു ആശ്വാസവും ശാന്തിയും സമാധാനവും നല്കേണമെ. ഭിന്നതകളേയും തർക്കങ്ങളെയും നാശകരമായ പോരാട്ടങ്ങളെയും അതിൽ നിന്ന് നീക്കേണമെ. നിന്റെ പ്രത്യാശയിൽ നിദ്രപ്രാപിച്ച വിശ്വാസി കളായ എല്ലാ മരിച്ചു പോയവരേയും സ്വർഗ്ഗരാജ്യത്തിൽ ആശ്വസിപ്പിക്കേണമെ. ഞങ്ങൾക്കു ശാന്തകരമായ അന്ത്യവും, നിനക്കു പ്രീതികരമായ നിര്യാണവും നല്കേണമെ. ഞങ്ങൾ ഇപ്പൊഴുമെപ്പോഴും നിന്നെയും നിന്റെ പിതാവിനേയും വിശുദ്ധ റൂഹായേയും സ്തുതിച്ചു, വണങ്ങി മഹത്വപ്പെടുത്തും. ഹോശോ..

### മൂന്നാംമണി

## പ്രുമിയോൻ

പട്ടക്കാരൻ:– നാമെല്ലാവരും.............

പ്രതിവാക്യം:– അനുഗ്രഹിക്കുന്നവനായ കർത്താവേ.........

പട്ടക്കാരൻ:–സ്തുതിയും സ്തോത്രവും..

ദൈവീകത്വത്തിന്റെ അനാദ്യന്തയോഗ്യതയുള്ള പരിമളവാ സനയും മാനുഷീക മലിനതയെ തീർത്തു നിർമ്മലീകരിക്കുന്നവനും, നന്മകളിൽ നയിച്ചു ഭാഗ്യാവസ്ഥയിലേക്കു അടുപ്പിക്കുന്നവനും, ഗുണങ്ങളെ അളന്നുകൊടുക്കുന്നവനും, സൃഷ്ടികളുടെ സർവവിധ തത്വങ്ങൾക്കും അതീതനും ആയ കർത്താവിനു സ്തുതി. മാനുഷീക ചിന്തകൾക്കപ്പുറം സ്ഥിതി ചെയ്യുന്ന അത്യുന്നതനെ! ഞങ്ങൾ നിനക്കു സമർപ്പിക്കുന്ന ഈ പരിമളധൂപത്തിൽ ദൈവീകമായ നിന്റെ സ്നേഹംമൂലം ശ്രദ്ധപതിക്കെണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിനക്ക് ഈ നേരത്തും........ ബ്കുല്ഹൂൻ യൗമോ.......

## സെദറാ

ദൈവമേ! രക്ഷകസ്ഥാനം നിന്റെ ശക്തിയിൽ മാത്രം സ്ഥിതിചെയ്യുന്നു. പറുദീസായിലെ ഭാഗ്യജീവിതത്തിൽ നിന്നും വീണശേഷം, അന്ധകാരത്തിലും മരണനിഴലിലും പെട്ടു ചെളിയിൽ ആണ്ടു പോകുന്ന വണ്ടി ചക്രംപോലെ പാപത്തിൽ താണിരുന്ന ഞങ്ങളുടെ മനുഷ്യകുലത്തിന്റെ പക്കലേക്ക് സുഗ്രാഹ്യമല്ലാത്ത ദൈവീക ഉയരത്തിൽനിന്നു, നിന്റെ കരുണയും അനുകമ്പയും മൂലം നീ

ഇറങ്ങി വന്നു. ഭൂപ്രകൃതിയിൽ ജനിച്ചവരും, അന്യരും പാപികളും, എല്ലാ നീതിയിൽ നിന്നും ആത്മീകവും ദൈവീകവുമായ സകല അവകാശത്തിൽ നിന്നും ഇതരന്മാരും ആയിരുന്ന ഞങ്ങളെ സ്വർഗ്ഗീയ താതന്റെ മക്കളും, അശരീരികളും ആത്മീയരുമായ സൈന്യങ്ങളോടൊപ്പം നിന്റെ ആരാധകരും സ്തുതിഗായക ന്മാരുമാക്കിയിരിക്കുന്നു. ഞങ്ങളുടെ ശാന്തിയായിരിക്കുന്ന നാഥാ! ഭൗമീകരെ നീ സ്വർഗ്ഗീയരോടു ചേർത്തു. നാഥാ! നീ മാത്രം സർവ്വശക്തനും സകലത്തിനും പ്രാപ്തനുമാകുന്നു. യാതൊന്നും നിന്റെ തിരുഹിതത്തിനു പ്രതികൂലമായി നിൽ ക്കാവുന്നതല്ല. നിന്റെ സ്വർഗ്ഗീയപിതാവുമായുള്ള ഞങ്ങളുടെ യോജിപ്പിൽ നീ താല് പര്യമുള്ള മദ്ധ്യസ്ഥനായിത്തീർന്നു. കർത്താവെ! നിന്റെ സഭയ്ക്ക് നിന്റെ സമാധാനവും, നല്ലനിലയും, ആത്മീയഭംഗിയും മാലാഖമാരുടേതുപോലുള്ള, യോഗ്യമായ നല്ല ക്രമവും കൊടുക്കേണമെ. നിന്റെ വിശുദ്ധ സ്ഥാനത്തുനിന്നു അതിനെ സഹായിക്കേണമെ. നിന്റ വിശുദ്ധാത്മാവിന്റെ കൃപയും നല്ല ഭക്തിയും നിന്റെ സേവക ദൂതരു ടേതുപോലുള്ള നിലയും അനുഷ് ഠാനവും അതിനു നൽകേ ണമെ. ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും അടിസ്ഥാനത്തിൽ അതിനെ സ്ഥാപിച്ച്, അതിൽ ശുദ്ധീകരിക്കപ്പെടുന്നവരെ, സത്യവിശ്വാസത്തിൻറെ ഏക ഐക്യതയിൽ കൂട്ടിച്ചേർക്കേണമെ. തിരുസഭ, സാരാംശത്തിലും മഹത്വത്തിലും ആരാധനയിലും ഒന്നായി സ്ഥിതി ചെയ്യുന്ന ത്രിത്വമായിരിക്കുന്ന പിതാവിനേയും അവതാരം ചെയ്ത പുത്രനേയും പരിശുദ്ധ റൂഹായേയും ആരാധിപ്പാൻ പഠിപ്പിക്കുന്നു. വിശുദ്ധ ത്രിത്വമല്ലാത്തതൊന്നും ആരാധിക്കത്തെക്കതല്ലാത്തതുകൊണ്ട്, ഏക ദൈവത്വവും ഏക സ്വഭാവവുമുള്ള ത്രിത്വത്തെ ആരാധിക്കുന്നവരെ അതു സമ്മതിക്കുന്നു. കർത്താവെ! പിശാചുക്കളുടെയും ദുരാത്മാക്കളുടെയും സകല പ്രാതികൂല്യങ്ങളെയും, യഹൂദന്മാരുടെയും പുറജാ തികളുടെയും അബദ്ധത്തിലേക്കും തർക്കത്തിലേക്കും കൊണ്ടുപോകുന്ന വിശ്വാസവിപരീതത്തിനടുത്ത എല്ലാ തെറ്റിനെയും അതിൽനിന്നും നീക്കേണമെ. നിൻറെ സത്യത്തെ അതിൽ സ്ഥാപിക്കേണമെ. നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കുകൊണ്ടിട്ടുള്ള നിന്റെ ഇടവകയുടെ അപേക്ഷകളെയും സങ്കടങ്ങളെയും, യാചനകളേയും സ്വീകരിക്കേണമെ. തങ്ങളുടെ വീഴ്ചകളെപ്പറ്റി പശ്ചാത്താപപ്പെട്ടു അപേക്ഷിക്കുന്നവർക്കു രക്ഷയുടെ തണ്ണീർകുടികളെ നൽകേണമെ. അവർ ചെയ്തു പോയിട്ടുള്ള തെറ്റുകളെ വിസ്മരിച്ചു മോചനം നൽകേണമെ. കർത്താവെ! നിന്റെ കരുണയുടെ അതിരില്ലാത്ത ആഴം നിമിത്തം, ശാരീരികബലഹീനതയിൽപെട്ടിരിക്കുന്നവർക്കു സുഖകരമായ ശക്തിയും നിന്റെ സന്ദർശനവും നൽകേണമെ. കവർച്ചയിൽപ്പെട്ടു, നിലയില്ലാതെ വിഷമിക്കുന്നവർക്കു നിന്റെ തുണയും രക്ഷയും കൊടുക്കേണമെ. മുട്ടിലും ദാരിദ്ര്യപീഡയിലും വലയുന്നവർക്കു, മതിയാകുന്ന സഹായം നിന്റെ പതിവു പോലെ നൽകേണമെ. ധനവാനും ദയാലുവുമായ കർത്താവെ! സജീവന്മാർക്കു സുപ്രസാദവും അഭി വൃദ്ധിയും, യാത്രയിൽ സ്ഥിതിചെയ്യുന്നവർക്കു സുഖകരമായ തിരിച്ചുവരവും എല്ലാവർക്കും എല്ലാ മാർഗ്ഗത്തിലും സഹായവും ചെയ്യേണമെ. സമുദ്രത്തിലും നദിയിലും ദീർഘയാത്ര ചെയ്യുന്നവർക്കു അപകടങ്ങളിൽ നിന്നും വൈഷമ്യങ്ങളിൽ നിന്നും മോചനം കൊടുക്കേണമെ. നിർദ്ധനന്മാരെയും വിധവ കളേയും അനാഥരേയും സഹായിക്കേണമെ. ഞെരുക്കങ്ങ ളിലും പരീക്ഷകളിലും കഠിനതരമായ ദാസ്യത്വത്തിലും ഉപദവകരമായ അടിമത്വത്തിലുംപെട്ടു വേദനപ്പെട്ടിരിക്കുന്നവരേയും ദുരാത്മാക്കളാൽ പീഡിപ്പിക്കപ്പെട്ടിരിക്കുന്നവരേയും വേഗം രക്ഷിക്കേണമെ. കർത്താവെ! നീ എല്ലാവനും അടുത്തു, സംരക്ഷിക്കുന്നവനാകുന്നുവല്ലൊ. ഇല്ലായ്മയിൽ നിന്നു സകലത്തേയും നീ ഉളവാക്കി. ജീവനുള്ളവരുടെയും മരിച്ചു പോയവരുടെയും കർത്താവു നീ തന്നെ. നീ കാരുണ്യവാനും ദയാലുവുമാകുന്നു. നന്മകളിൽ പ്രീതനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവെ! സത്യവിശ്വാസത്തോടെ ഇഹത്തിൽ നിന്നും പിരിഞ്ഞിട്ടുള്ളവർക്കു അവർ ചെയ്തുപോയ തെറ്റുകൾക്കു മോചനവും മാപ്പും കൊടുക്കേണമെ. നിന്റെ ദാസന്മാരെ ശിക്ഷയ്ക്കു വിധിക്കരുതെ. പാപം തീണ്ടാത്ത നീ മാത്രമല്ലാതെ മനുഷ്യരിലാരും പാപമാലിന്യത്തിൽനിന്നും തീരെ വിമുക്തരല്ലല്ലൊ. നിന്റെ സിംഹാസനത്തിൻ മുമ്പാകെ ലജ്ജകൂടാതെ നില്പാൻ അവരെ യോഗ്യരാക്കേണമെ. നിന്റെ പരിശുദ്ധന്മാരോടൊന്നിച്ചു ഭാഗ്യകരമായ ജീവൻ പ്രാപിക്കുവാൻ അവരേയും ഞങ്ങളെയും പ്രാപ്തരാക്കേണമെ. ഞങ്ങൾ ആനന്ദം പ്രാപിക്കുന്നവരോടുകൂടി, നിനക്കായി പെരുന്നാൾ കൊണ്ടാടി സന്തോഷിക്കുന്നവരുടെ സ്തോത്രശബ്ദത്താൽ, നിന്നെയും നിന്റെ വന്ദ്യപിതാവിനേയും വിശുദ്ധ റൂഹായേയും സ്തുതിച്ചു പുകഴ്ത്തുവാൻ നിന്റെ കൃപയും കരുണയും പ്രീതിയും മൂലം ഞങ്ങളെല്ലാവരേയും യോഗ്യരാക്കേണമെ. ഹോശൊ...

## എത്രൊ

തന്റെ മദ്ധ്യസ്ഥതയാൽ ഉയരത്തേയും ആഴത്തേയും തമ്മിൽ യോജിപ്പിക്കുകയും മദ്ധ്യേ നിന്നിരുന്ന വേലിയെ തന്റെ മനുഷ്യാവതാരം മൂലം നീക്കം ചെയ്യുകയും ചെയ്ത സാക്ഷാൽ ശാന്തിയായ കർത്താവെ! ഈ പരിമള ധൂപത്തെ സ്വീകരിച്ചു നിന്റെ കരുണയാൽ രാഷ്ട്രങ്ങളെയും അവയിലെ നിവാസികളെയും സമാധാനപ്പെടുത്തേണമെ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിലും നിന്റെ സഭയിലും വാഴേണമെ. അതിലും അതിന്റെ പ്രജകളിലും അത്ഭുതകരമായ നിന്റെ വലങ്കൈ ആവസിപ്പിക്കേണമെ. ഹോശേ.........

## ഹൂത്തോമ്മോ

**കർത്താവെ! നിന്നെ വിളിക്കുന്ന സഭയോടു ഉത്തരമരുളേണമെ. നിന്നോടു അപേക്ഷിക്കുന്ന ഇടവകയോടു രമ്യപ്പെടേണമെ. പ്രയാസപ്പെടുന്നവരായി, നിന്നെ നോക്കിവിളിക്കുന്ന എല്ലാവരേയും നീ സഹായിക്കേണമെ. നിന്റെ തൃക്കൈ വേല മുഴുവനിലും നിന്റെ പ്രീതിയും അനുകമ്പയും നീതീകരണവും രക്ഷയും വീണ്ടെടുപ്പും ഉണ്ടാകേണമെ. ഇങ്ങിനെ നിന്റെ കൃപ എല്ലാവരാലും സ്തുതിക്കപ്പെടേണമെ ഹോശൊ……..**